**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 681** **24-06-2026-ൽ മറുപടിയ്ക്ക്**

**മാനന്തവാടി മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കുള്ള ഭവനനിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഉഷ വിജയൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് മാനന്തവാടി മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനും, ഭൂരഹിതരായവർക്ക് ഭൂമി വാങ്ങുന്നതിനും തുക അനുവദിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ വിശദമാക്കുമോ?

**മറുപടി:** മുൻ സർക്കാരിന്റെ കാലത്ത് മാനന്തവാടി മണ്ഡലത്തിൽ നിന്നും ഭൂമിയും വീടും അനുവദിച്ചിട്ടുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. പ്രസ്തുത മണ്ഡലത്തിൽ നിന്നും വെള്ളമുണ്ട ഗ്രാമ പഞ്ചായത്തിലെ 4 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും മാനനന്തവാടി നഗരസഭയിലെ 9 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. പനമരം ഗ്രാമ പഞ്ചായത്ത്, മാനനന്തവാടി നഗരസഭ, തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിലെ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കായി ലാൻ്റ് ബാങ്ക് പദ്ധതി പ്രകാരം ഭൂമി വാങ്ങിയെങ്കിലും പ്ലോട്ട് തിരിക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല.

**സെക്ഷൻ ഓഫീസർ**

<u>**അനുബന്ധം**</u>

മുൻ സർക്കാരിന്റെ കാലത്ത് മാനന്തവാടി മണ്ഡലത്തിൽ ഭവനനിർമ്മാണത്തിന് ഭവനനിർമ്മാണ ധനസഹായവും ഭൂമിയും അനുവദിച്ച പട്ടികജാതി വിഭാഗങ്ങളുടെ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിലുള്ള വിവരങ്ങൾ.

| തദ്ദേശസ്വയംഭരണ സ്ഥാപനം | ഭൂമി അനുവദിച്ച കുടുംബങ്ങളുടെ എണ്ണം | വീട് അനുവദിച്ച കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് | 31 | 71 |
| തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത് | 5 | 37 |
| എടവക ഗ്രാമ പഞ്ചായത്ത് | 6 | 26 |
| തിരുനെല്ലി ഗ്രാമ പഞ്ചായത്ത് | 1 | 4 |
| വെള്ളമുണ്ട ഗ്രാമ പഞ്ചായത്ത് | 1 | 29 |
| പനമരം ഗ്രാമ പഞ്ചായത്ത് | 25 | 51 |
| മാനന്തവാടി മുൻസിപ്പാലിറ്റി | 14 | 179 |